LIBRARY ARCHIVES Kerala Legislative Assembly

മുളിയാത്തോട്-പുത്തൂർ പുഴയ്ക്ക് ഭിത്തി കെട്ടുന്നത് സംബന്ധിച്ച്

51 [1737] ശ്രീ. കെ. പി. മോഹനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണ്ണിടിച്ചിൽ തടയുന്നതിന്റെ ഭാഗമായി കണ്ണൂർ ജില്ലയിലെ കുന്നോത്ത്പറമ്പ് പഞ്ചായത്തിലെ മുളിയത്തോട്-പുത്തൂർ പുഴയ്ക്ക് പുത്തൂർ ആശാരിക്കുന്ന് മുതൽ ഒരു കിലോമീറ്റർ ദൂരം ഭിത്തി കെട്ടുന്ന പ്രവൃത്തിയുടെ വിശദാംശങ്ങൾ വെളിപ്പെടുത്താമോ;

(ബി) ഭിത്തി കെട്ടുന്ന പ്രവൃത്തി എന്ന് പൂർത്തീകരിക്കുമെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) പുത്തൂർ ആശാരിക്കുന്ന് മുതൽ ഒരു കിലോമീറ്റർ ദൂരം ഭിത്തി കെട്ടുന്നതിന് 17.5 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്.

(ബി) ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് പ്രവൃത്തി ഏറ്റെടുത്ത് നടത്താവുന്നതാണ്.

കേടായ വാട്ടർ മീറ്റർ ഉദ്യോഗസ്ഥർ കൊണ്ടുപോകുന്നതിന് നടപടി

52 [1738] ശ്രീ. കോടിയേരി ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പഴയ മീറ്റർ മാറ്റിവയ്ക്കുമ്പോൾ കേടായ മീറ്റർ വാട്ടർ അതോറിറ്റി ഉദ്യോഗസ്ഥർ വാങ്ങിക്കൊണ്ടുപോകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) അങ്ങനെ കൊണ്ടുപോകുന്ന മീറ്ററുകൾ വാട്ടർ അതോറിറ്റി എന്തു ചെയ്യുന്നു എന്ന് വ്യക്തമാക്കാമോ;

(സി) പി.റ്റി.പി.-യിലെ വാട്ടർ അതോറിറ്റി ഓഫീസിൽ ഇപ്രകാരമുള്ള എത്ര മീറ്ററുകൾ സൂക്ഷിച്ചിട്ടുണ്ട്; ഇവ ഉപഭോക്താക്കൾക്ക് തിരികെ നൽകുമോ;

(ഡി) വാട്ടർ അതോറിറ്റി ഉദ്യോഗസ്ഥരുടെ പ്രസ്തുത പ്രവർത്തനങ്ങൾക്കെതിരെ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) കേടായതോ പ്രവർത്തനരഹിതമായതോ ആയ മീറ്ററുകൾ മാറ്റി സ്ഥാപിക്കുമ്പോൾ പഴയ മീറ്ററുകളുടെ ദുരുപയോഗം ഒഴിവാക്കുന്നതിനുവേണ്ടി ആയവ അതോറിറ്റിതന്നെ കൈവശം സൂക്ഷിക്കാറുണ്ട്. എന്നാൽ ഉടമസ്ഥർ ആവശ്യപ്പെട്ടാൽ തിരിച്ച് നൽകുകയും ചെയ്തുവരുന്നു.

(ബി) ഉപയോഗശൂന്യമായ മീറ്ററുകൾ ലേലം ചെയ്തു നൽകുന്നു.

(സി) ഇപ്രകാരമുള്ള 2100 മീറ്ററുകൾ പി.റ്റി.പി.-യിലെ വാട്ടർ അതോറിറ്റി ഓഫീസിൽ സൂക്ഷിച്ചിട്ടുണ്ട്. ഇവ ഉടമസ്ഥർ ആവശ്യപ്പെട്ടാൽ തിരിച്ചു നൽകുന്നതാണ്.

(ഡി) ഉടമസ്ഥർ ആവശ്യപ്പെട്ടാൽ തിരിച്ചു നൽകുന്നതിനാൽ മറ്റു നടപടികൾ ആവശ്യമുണ്ടെന്ന് കാണുന്നില്ല.

ലോകബാങ്ക് സഹായത്തോടെയുള്ള ജലനിധി പദ്ധതി

53 [1739] ശ്രീ. കെ. എൻ. എ. ഖാദർ:
„ സി. മമ്മൂട്ടി:
„ പി. കെ. കെ. ബാവ:
„ ടി. പി. എം. സാഹിർ: താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ലോകബാങ്ക് സഹായത്തോടെയുള്ള ജലനിധിയിലെ ഏതെല്ലാം പദ്ധതികൾ നടപ്പിലാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടെന്നും അവ ഏതെല്ലാം പഞ്ചായത്തുകളിൽ നടപ്പിലാക്കുവാനാണ് ഉദ്ദേശിക്കുന്നതെന്നും വ്യക്തമാക്കുമോ?

ഉത്തരം

ലോകബാങ്ക് സഹായത്തോടെയുള്ള ജലനിധി പദ്ധതി ഘട്ടംഘട്ടമായാണ് നടപ്പിലാക്കുന്നത്. ഒന്ന്, രണ്ട് ഘട്ടങ്ങളിലായി 307 പദ്ധതികൾ നടപ്പിലാക്കിക്കഴിഞ്ഞു. 3,4,5 ഘട്ടങ്ങളിലായി ഏകദേശം 3000 പദ്ധതികൾ നടപ്പിലാക്കാനുള്ള പ്രവർത്തനം പുരോഗമിച്ചുവരുന്നു. പ്രസ്തുത ഘട്ടങ്ങളിലെ പദ്ധതികളുടെ പഞ്ചായത്ത് തിരിച്ചുള്ള കണക്ക് അനുബന്ധമായി കൊടുത്തിരിക്കുന്നു. †

† അനുബന്ധം IV

LIBRARY ARCHIVES Kerala Legislative Assembly